പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1150 29.09.2011 ൽ മറുപടിക്ക്

# പ്രധാന നഗരങ്ങളിലെ യാത്രാസൗകര്യങ്ങൾ വികസിപ്പിക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ.പി.റ്റി.എ. റഹീം<br>ശ്രീ. വി. ശിവൻ കുട്ടി<br>ശ്രീ. സാജു പോൾ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| (എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നീ നഗരങ്ങളിലെ യാത്രാ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ റോഡുകൾ, മേൽപാലങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും നിലവിലുള്ള റോഡുകളുടെ വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനും 2011-12 ബഡ്ജറ്റിൽ പ്രാഥമിക ചെലവുകൾക്ക് വേണ്ടി തുക അനുവദിച്ചിരുന്നുവോ; ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ ; | (എ) തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരങ്ങൾക്കായി പ്രത്യേകിച്ച് തുക ഒന്നും 2011-12 ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പദ്ധതിയിൽ ഈ അഞ്ചു നഗരങ്ങളും ഉൾപ്പെടുന്നുണ്ട്. ദേശീയപാത വിഭാഗത്തിന്റെ കീഴിൽ വരുന്ന കരമന-കളിയിക്കാവിള റോഡ് വികസനത്തിന്റെ ഭാഗമായി ഒന്നാം ഘട്ടമായി കരമന മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിനായി 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രാരംഭ നടപടിയായി അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. കൊല്ലം ദേശീയ പാതയിൽ കൊല്ലം ബൈപാസിന്റെ നടപടികൾക്കായി ഒരു കോടി രൂപ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതി (2011-12) അനുവദിച്ചിട്ടുണ്ട്. പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കൊല്ലം ഇരുമ്പ് പാലത്തിന്റെ നിർമ്മാണത്തിനായി 784.50 ലക്ഷം രൂപ സി.ആർ.എഫ് |

| | |
|---|---|
| | സ്കീമിൽ അനുവദിച്ചിട്ടുണ്ട്. ഈ ജോലിയുടെ സ്ഥലം ഏറ്റെടുക്കുന്നതിനായി 33.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) കൊല്ലം നഗരത്തിലെ ഗതാഗത കുരുക്കിന് പരിഹാരമായി കൊല്ലം കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ വരെ എത്തി നിൽക്കുന്ന ആശ്രാമം ലിങ്ക് റോഡ്, പുതിയ പാലവും ഫ്ളൈഓവറും നിർമ്മിച്ചു തോപ്പിൽ കടവുവരെയെത്തുന്ന പുതിയ പാത നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ? | (ബി) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ